കേരളത്തിലെ കൃഷിക്കാരന് രക്ഷയില്ല. അദ്ദേഹത്തിന് ഇഷ്ടംപോലെ പ്രഖ്യാപനങ്ങൾ. ഏറ്റവും കൂടുതൽ പ്രഖ്യാപനം നടത്തിയതിന് അവാർഡ് കൊടുക്കുകയാണെങ്കിൽ ഈ മന്ത്രിസഭയിൽ അവാർഡ് കിട്ടേണ്ട മന്ത്രി ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലാണ് എന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹത്തിന്റെ സഭയിലുള്ള പ്രഖ്യാപനം മാത്രമെടുത്താൽ മതി. അത്രയ്ക്കുള്ള പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ഈ പ്രഖ്യാപനങ്ങൾ നടത്തുമ്പോൾ ഒരു അപേക്ഷയുള്ളത് കൃഷിക്കാരന്റെ കാര്യംകൂടി നോക്കണമെന്നാണ്. കേരളത്തിലെ കൃഷിക്കാരനുവേണ്ടി ഒന്നും ചെയ്യാൻ കഴിയാത്ത ഗവൺമെന്റ് എന്നുള്ള നിലയിൽ ഈ ഗവൺമെന്റിന്റെ നിഷേധാത്മകമായ സമീപനത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ടി. എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി അൽപ്പസമയത്തിനുശേഷം പ്രതിപക്ഷാംഗങ്ങൾ വീണ്ടും സഭയിൽ ഹാജരായി)

III ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനം നേരിടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. പി. തങ്കച്ചൻ : റൂൾസിൽ ഒരു ദിവസം രണ്ട് അടിയന്തിര പ്രമേയാവതരണത്തിനുള്ള പ്രൊവിഷനുണ്ടെങ്കിൽ ഒരു പക്ഷേ ആദ്യത്തെ അടിയന്തിരപ്രമേയമായി അവതരിപ്പിക്കേണ്ട വിഷയമാണിത്.

മി. സ്പീക്കർ : ഈ സഭയുടെ ആദ്യകാലത്ത് ഒരുദിവസം 6 അടിയന്തിരപ്രമേയത്തിന് നോട്ടീസ് കിട്ടി. അപ്പോൾ സെലക്ഷൻ നടത്തി രണ്ടെണ്ണമെടുത്തിട്ടുണ്ട്.

ശ്രീ. പി. പി. തങ്കച്ചൻ : അടിയന്തിര പ്രമേയമായി അവതരിപ്പിക്കേണ്ട പ്രാധാന്യമുള്ള ഒരു വിഷയമാണിത്. ഈ വിഷയത്തിൽ ഏതായാലും ഉദാരവൽക്കരണവും ഗാട്ട് കരാറുമൊന്നും കടന്നുവരികയില്ല എന്നാണ് എന്റെ പ്രതീക്ഷ. നമ്മുടെ സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് കുടിവെള്ള ക്ഷാമം. വേനൽക്കാലമായതുകൊണ്ട് കുടിവെള്ളക്ഷാമം എല്ലാ പ്രദേശങ്ങളിലും രൂക്ഷമായിരിക്കുകയാണ്. ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കേണ്ടത് ഒരു സർക്കാരിന്റെ പ്രാഥമിക ചുമതലയും കടമയുമാണ് എന്നാണ് ഞാൻ കരുതുന്നത്. എന്നാൽ ഈ രംഗത്ത് നമ്മുടെ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു എന്നു പറയുന്നതിൽ അതിയായ ഖേദമുണ്ട്. ശുദ്ധജലവിതരണത്തിനാവശ്യമായ ചെറുതും വലുതുമായ നിരവധി പദ്ധതികൾ നമ്മുടെ സംസ്ഥാനത്തുണ്ടെങ്കിലും പലതും കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പൂർത്തിയാക്കിയവയുടെ പലതിന്റേയും ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് സ്ഥിതി. വാട്ടർ അതോറിറ്റിയുടെ കണക്ക് അനുസരിച്ച് നഗരങ്ങളിൽ 75 ശതമാനവും ഗ്രാമങ്ങളിൽ 53 ശതമാനവും ആളുകൾക്ക് ഇതിനകംതന്നെ കുടിവെള്ളം

LIBRARY ARCHIVES Kerala Legislative Assembly

എത്തിച്ചുകൊടുക്കാൻ കഴിഞ്ഞു. ഈ കണക്കുകൾ പൂർണ്ണമായും ശരിയാണോ ? കണക്കുകൾ പരിശോധിച്ചാൽ ഇതൊന്നും ശരിയല്ലെന്ന് മനസ്സിലാക്കാൻ സാധിക്കും. പ്ലാനിംഗ് ബോർഡിന്റെ 1998-ലെ കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് കുടിവെള്ളം തീരെ ഇല്ലാത്ത 990 പഞ്ചായത്ത് വാർഡുകളും ഭാഗികമായി കുടിവെള്ളം കിട്ടുന്ന 1561 ഗ്രാമപഞ്ചായത്ത് വാർഡുകളും ഉണ്ട്. 14 മുനിസിപ്പാലിറ്റികളിൽ ആവശ്യമായതിൽ പകുതി മാത്രം വെള്ളം കിട്ടുന്നു. കുടിവെള്ള പദ്ധതികളൊന്നും ഇല്ലാത്ത 7 വില്ലേജുകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. മലപ്പുറത്തെ കുറുവിലങ്ങാട്, തൃശ്ശൂരിലെ പുന്നയൂർ, തൃശ്ശൂരിലെ ഇടക്കോഴിയൂർ, ഇടുക്കി ജില്ലയിലെ കാന്തിപ്പാറ, ഉപ്പുതോട്, കോട്ടയം ജില്ലയിലെ മാന്നൂർ കൊല്ലം ജില്ലയിലെ കിഴക്കേകല്ലട എന്നീ 7 വില്ലേജുകളിൽ ഇന്നും കുടിവെള്ളത്തിനുവേണ്ടി ഒരു പദ്ധതിയുമില്ല. 100 ശതമാനം കേന്ദ്ര സഹായം ലഭിച്ച പദ്ധതികൾ നിശ്ചിതകാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞിട്ടില്ല. അതിന്റെ ഫലമെന്താണ് ? ദിവസം ചെല്ലുംതോറും ഇതിന്റെ ചെലവ് വർദ്ധിക്കും. കേന്ദ്രത്തിൽ നിന്ന് തരുന്ന പണത്തിനു പുറമേ അധികമായി വർദ്ധിക്കുന്ന ചെലവ് സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്നാണ് നിയമം. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ കൂടുതൽ ബാധ്യത വഹിക്കേണ്ടി വരുന്നു. ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കുമ്പോൾ സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ ഏറെ കാലതാമസം നേരിട്ടിട്ടുണ്ട്. വരൾച്ച ദിവസം കഴിയുന്തോറും രൂക്ഷമാവുകയാണ്. ഈ വരൾച്ചയെ നേരിടാൻ വരൾച്ച ദുരിതാശ്വാസ ഫണ്ടിൽനിന്ന് വാട്ടർ അതോറിറ്റിക്ക് ആവശ്യമായ പണം ഉടൻതന്നെ ലഭ്യമാക്കേണ്ടതാണ്. എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞത് ഈ മാർച്ച് മാസം ആയിട്ടും കഴിഞ്ഞ കാലഘട്ടത്ത് ഉണ്ടായിട്ടുള്ളതുപോലെ വരൾച്ചയെ നേരിടുന്നതിനുവേണ്ടി ദുരിതാശ്വാസ ഫണ്ടിൽനിന്നോ മറ്റേതെങ്കിലും ഫണ്ടിൽനിന്നോ ആവശ്യമായ പണം വാട്ടർ അതോറിറ്റിക്ക് ഇതേവരെ ലഭ്യമാക്കുവാൻ ഗവൺമെന്റ് മുന്നോട്ടുവന്നിട്ടില്ല എന്നാണ്. ഈ രംഗത്ത് അടിയന്തിരമായി സഹായം എത്തിക്കേണ്ട റവന്യൂ ഡിപ്പാർട്ട്മെന്റ് ആവശ്യമായ പണം കണ്ടെത്താനോ അതിനുള്ള നടപടികൾ സ്വീകരിക്കുവാനോ മുന്നോട്ട് വരുന്നില്ല. കുഴൽ കിണറുകൾ കുഴിച്ചും നിലവിലുള്ള പൈപ്പ് ലൈനുകൾ എക്സ്റ്റന്റ് ചെയ്തും ഉയർന്ന പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളം എത്തിച്ചും അടിയന്തിരമായി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ട സമയം ഇപ്പോൾ കഴിഞ്ഞിരിക്കുകയാണ്. ഇതിന്റെ നടപടിക്കായി ഒരിഞ്ചു പോലും മുന്നോട്ടുപോകുവാൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഈ ഫണ്ട് കൊടുത്ത് അവരെക്കൂടി പങ്കാളികളാക്കി ഈ കാര്യങ്ങൾ അടിയന്തിരമായി ചെയ്യിക്കേണ്ടതാണ്. ജില്ലാ അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ യോഗം വിളിച്ച് അടിയന്തിരമായി നടപടി കൈക്കൊണ്ട് ഈ കാര്യത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. നമുക്ക് ധാരാളം ഇറിഗേഷൻ കനാലുകളുണ്ട്. ആ ഇറിഗേഷൻ കനാലുകളിൽക്കൂടി വെള്ളം തുറന്നുവിട്ടാൽ പെർക്കൊലേഷൻവഴി ആ പ്രദേശങ്ങളിലെ കിണറുകളിലും കുളങ്ങളിലും വെള്ളം ലഭിക്കും. ഞാൻ ഉദാഹരണമായി എന്റെ ജില്ലയിലെ പെരിയാർവാലി ഇറിഗേഷൻ കനാലിന്റെ കാര്യം സൂചിപ്പിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുകയാണ്. എറണാകുളം ജില്ലയിലെ, എന്റെ നിയോജകമണ്ഡലം ഉൾപ്പെടെയുള്ള ഏഴ് നിയോജകമണ്ഡലങ്ങളിൽ പെരിയാർവാലി ഇറിഗേഷൻ കനാലിന്റെ നെറ്റ്‌വർക്ക് തന്നെയുണ്ട്. ആ പെരിയാർവാലി ഇറിഗേഷൻ കനാലിൽകൂടി ഈ സന്ദർഭത്തിൽ ആഴ്ചയിൽ ഒരുപ്രാവശ്യമെങ്കിലും വെള്ളം തുറന്നുവിടാൻ കഴിഞ്ഞാൽ എറണാകുളം ജില്ലയിലെ ഏതാണ്ട് പകുതി പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ടാവുകയില്ല. എന്നാൽ ഇന്ന് അവിടുത്തെ സ്ഥിതി വളരെ കഷ്ടമാണ്. ഇടയ്ക്ക് വെള്ളം തുറന്ന് വിടുന്നുണ്ടെങ്കിലും ടെയിൽ എൻഡ് വരെ വെള്ളം എത്തുന്നില്ല. കാരണം കനാലുകൾ പൊട്ടിപൊളിഞ്ഞ് കിടക്കുകയാണ്. കനാലിന് മെയിന്റനൻസ് നടത്താത്തതുകൊണ്ട് വെള്ളം ടെയിൽഎൻഡ് വരെ എത്തുന്നില്ല. ഈ പ്രശ്നത്തിന് അടിയന്തിരമായി പരിഹാരം കാണണമെന്ന് പലപ്രാവശ്യം നിവേദനം കൊടുത്ത് ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുകയുണ്ടായി. ഈ കാര്യത്തിൽ ഫലപ്രദമായ ഒരു നടപടിയും സ്വീകരിക്കാത്തതുകൊണ്ട് ഒരിക്കലും കുടിവെള്ളക്ഷാമം ഉണ്ടാകാത്ത എന്റെ നിയോജകമണ്ഡലം ഉൾപ്പെടെ എറണാകുളം ജില്ലയിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ കാര്യത്തിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധ അടിയന്തിരമായി പതിഞ്ഞ് കനാലുകളിൽ അത്യാവശ്യമായ മെയിന്റനൻസ് നടത്തി അതിൽക്കൂടി വെള്ളം തുറന്നുവിടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇതുപോലെ തന്നെയാണ് സംസ്ഥാനത്തിന്റെ പല പ്രദേശങ്ങളിലുമുള്ള ഇറിഗേഷൻ സ്കീമിന്റെ സ്ഥിതി. അവിടെയൊക്കെ കനാലുകൾ നന്നാക്കി ഇറിഗേഷൻ സ്കീമിന്റെ കനാലുകളിൽക്കൂടി വെള്ളം തുറന്നുവിട്ടാൽ ആ പ്രദേശങ്ങളിലെ കിണറുകളിലും കുളങ്ങളിലും വെള്ളം ലഭിക്കും. ഇന്ന് ചെറിയ ജലവിതരണ പദ്ധതികളുടെ പമ്പിംഗിന്റെ സമയം ഒരു ഷിഫ്റ്റ് മാത്രമായിട്ടാണ് പ്രവർത്തിക്കുന്നത്. എട്ട് മണിക്കൂർ. അതുപോരാ. രൂക്ഷമായ വേനൽ സമയത്ത് പമ്പിംഗ് സമയം രണ്ടോ മൂന്നോ ഷിഫ്റ്റായി വർദ്ധിപ്പിക്കേണ്ടതാണ്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടേയും മുനിസിപ്പൽ കോർപ്പറേഷന്റേയും പങ്കാളിത്തം ഉറപ്പുവരുത്തി ഫലപ്രദമായി പ്രവർത്തിപ്പിക്കേണ്ട ഈ സന്ദർഭത്തിൽ ഇപ്പോൾ അതിനു കഴിയാതിരിക്കുകയാണ്. ജലസേചന പദ്ധതിയുടേയും മൈനർ ഇറിഗേഷൻ കുടിവെള്ള പദ്ധതിയുടേയും മോട്ടോറുകൾ വേണ്ടരീതിയിൽ പ്രവർത്തിക്കുന്നില്ല. ആ പ്രദേശത്തുള്ള ഇറിഗേഷൻ സ്കീമിന്റെ കേടായ മോട്ടോറുകൾ വർക്ക്ഷോപ്പിൽ കൊടുത്തിട്ട് നന്നാക്കി കിട്ടാത്തതുകൊണ്ട് അത് പ്രവർത്തിപ്പിക്കുവാൻ കഴിയുന്നില്ല. പണം കൊടുക്കാത്തതുകൊണ്ടാണ് നന്നാക്കിക്കിട്ടാത്തത് എന്നാണ് അറിയുന്നത്. ഇതിന് മുൻപ്, രണ്ടുമൂന്ന് കൊല്ലമായി നന്നാക്കിയ മോട്ടോറുകൾക്ക് പണം കൊടുക്കാത്തതുകൊണ്ട് വർക്ക്ഷോപ്പുകാർ ആരും അത് നന്നാക്കിക്കൊടുക്കുവാൻ തയ്യാറാകുന്നില്ല. അടിയന്തിരമായി ആ മേഖലകളിൽ പണം അനുവദിക്കേണ്ടതാണ്. മോട്ടോറുകൾ അടിയന്തിരമായി നന്നാക്കി പ്രവർത്തിപ്പിക്കേണ്ടതാണ്. അതുപോലെ പഴക്കം ചെന്നതും കേടുപാട് പറ്റിയതുമായ മോട്ടോറുകൾ മാറ്റിവെയ്ക്കേണ്ടതാണ്. ഈ കാര്യങ്ങളിലൊക്കെ അടിയന്തിരമായ ശ്രദ്ധ ഉണ്ടായാൽ നമ്മുടെ സംസ്ഥാനം വളരെ രൂക്ഷമായ

LIBRARY ARCHIVES Kerala Legislative Assembly

വരൾച്ചയിലേയ്ക്ക് പോവില്ല. സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളിലേയും ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. ഉയർന്ന പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്ന പതിവുണ്ട്. നിർഭാഗ്യമെന്ന് പറയട്ടെ, ഈ സന്ദർഭത്തിൽ അതിനെക്കുറിച്ച് റവന്യൂ ഡിപ്പാർട്ട്മെന്റ് ചിന്തിക്കുന്നില്ല. അതിനു പണം കണ്ടെത്തി ജില്ലാ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം എന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം ഗൗരവമുള്ളതായതുകൊണ്ട് ഗൗരവബുദ്ധിയോടുകൂടിത്തന്നെ ഈ ഗവൺമെന്റ് വരൾച്ച കാലത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വരൾച്ചകാലത്ത് നമ്മുടെ സംസ്ഥാനത്തെ എല്ലാ ജലസേചന പദ്ധതികളുടെയും കനാലുകൾ തുറന്നുവിട്ടിട്ടുണ്ട്. ചില കനാലുകളിൽ പൊട്ടലും ചീറ്റലും ഉള്ളതുകൊണ്ട് ടെയിൽ എൻഡു വരെ വെള്ളം എത്തുകയില്ല. ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിൽ അങ്ങനെ ഒരു സംഭവം ഉണ്ടായി എന്ന് അദ്ദേഹം എന്റെ ശ്രദ്ധയിൽപ്പെടുത്തുക ഉണ്ടായി. ഞാൻ അപ്പോൾത്തന്നെ അതിന് ആവശ്യമുള്ള മെയിന്റനൻസ് നടത്താനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതുപോലെ ഏതെല്ലാം കനാലുകളിൽ കുഴപ്പമുണ്ടോ അവിടെയെല്ലാം അതിനുള്ള പരിഹാരം കണ്ടെത്തുവാൻ കഴിയുന്നവിധത്തിലുള്ള നിർദ്ദേശങ്ങൾ കൊടുത്തു കഴിഞ്ഞു. വരൾച്ച കാലത്ത് വെള്ളത്തിനു ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുവാൻ ജില്ലാ കളക്ടർമാർക്ക് പ്രത്യേകം നിർദ്ദേശം കൊടുത്തിട്ടുണ്ട്. അങ്ങനെയുള്ള ഒരു പദ്ധതിതന്നെ ഗവൺമെന്റിനുണ്ട്. ഞാൻ പരിശോധിച്ചതിൽനിന്നും എനിക്ക് മനസ്സിലാകുവാൻ കഴിഞ്ഞത്, വെള്ളത്തിന് ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ കുറച്ചൊക്കെ ഇംപ്രൂവ് ചെയ്തിട്ടുണ്ട് എന്നാണ്. അത്തരം പദ്ധതികൾ വേണ്ടിവരുന്നിടത്തൊക്കെ അതു ചെയ്യുന്നതിനുള്ള നടപടി ജില്ലാ കളക്ടർമാർ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട സ്ഥലത്താണ് ടാങ്കർ ലോറിയിൽ വെള്ളം കൊടുക്കേണ്ടത്. ആ പ്രദേശങ്ങളിൽ വെള്ളം സമയാസമയങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സാമ്പത്തിക പ്രശ്നം ഒരു കുഴഞ്ഞ പ്രശ്നം ആകാത്ത വിധത്തിൽ ഗവൺമെന്റ് ശ്രദ്ധിച്ച് ജില്ലാ കളക്ടർമാർക്ക് വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ 54 ശതമാനം ഗ്രാമീണ ജനതയ്ക്കും, 78 ശതമാനം നഗരവാസികൾക്കും ശുദ്ധജലവിതരണ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ജലസ്രോതസ്സുകളിലെ ജലലഭ്യത കുറയുമ്പോൾ നിലവിലുള്ള പദ്ധതികളിൽ ചിലപ്പോൾ ജലദൗർലഭ്യം അനുഭവപ്പെടാറുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വെള്ളം കൊടുക്കുന്ന കാര്യത്തിൽ ജനകീയസഭയുമായി യോജിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജനകീയാസൂത്രണംവഴി കൊടുത്തിട്ടുള്ള ഫണ്ടുകളിൽനിന്ന് 15 ശതമാനവും സ്റ്റേറ്റ് ഫണ്ടിൽ നിന്ന് 40 ശതമാനവുമാണ് ത്രിതല പഞ്ചായത്തുകൾക്ക് കൊടുത്തത്. ബ്ലോക്ക്-ജില്ല പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പണത്തിന്റെ 15 ശതമാനം കുടിവെള്ളത്തിനുവേണ്ടി നീക്കിവയ്ക്കണമെന്ന് പ്രത്യേകം ഗവൺമെന്റ് ഓർഡർവഴി നിർദ്ദേശിച്ചിട്ടുണ്ട്. ചെറിയ ചെറിയ ജലസ്രോതസ്സ് ഉള്ളിടത്ത് ചെറിയ വാട്ടർ സ്പ്ലൈ സ്കീം ഉണ്ടാക്കുവാൻ ഈ തുക വിനിയോഗിക്കണം.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. എളമരം കരീം)

11 A.M.] മാത്രമല്ല, ചെറിയ പ്രോജക്ടുകൾ നിർമ്മിക്കുന്നതിന് ആരുടേയും അനുവാദമില്ലാതെ എപ്പോൾ വേണമെങ്കിലും പ്ലാൻ ഫണ്ടിൽ നിന്നും പണം ഉപയോഗിക്കുന്നതിനുള്ള അധികാരവും പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുണ്ട്. പഞ്ചായത്തുകളെ സഹകരിപ്പിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾ വാട്ടർ അതോറിറ്റിയും ഗവൺമെന്റും ചേർന്ന് ഇപ്പോൾ കുറേക്കൂടി ഫലപ്രദമായി നടത്താൻ ശ്രമിക്കുകയാണ്. കൊല്ലം ജില്ലയിലും കാസർകോട് ജില്ലയിലും രണ്ട് പദ്ധതികൾ ഉണ്ട്. അതിൽ രാജീവ്ഗാന്ധി നാഷണൽ ഫൗണ്ടേഷന്റെ ഒരു പദ്ധതി നടപ്പാക്കുന്നുണ്ട്. 40 കോടി രൂപ വീതം മേൽപ്പറഞ്ഞ രണ്ടു ജില്ലയിലും അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിലേതുപോലെ ഇപ്പോൾ ജലക്ഷാമം ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ജലക്ഷാമം പരിഹരിക്കാൻ പരമാവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. നിലവിലുള്ള ആയിരത്തിനാന്നൂറോളം പദ്ധതികൾക്ക് പുറമേ ഒട്ടേറെ പദ്ധതികൾ വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. കേരളത്തിൽ ഇപ്പോൾ ചെറുതും വലുതുമായ 295 ശുദ്ധജലവിതരണ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം മുടങ്ങിക്കിടക്കുന്ന വാട്ടർ സ്പ്ലൈ സ്കീമുകളെപ്പറ്റി പരിശോധന നടത്തി. സാങ്കേതികമായ ചില പ്രശ്നങ്ങളാൽ പല പ്രവർത്തനങ്ങളും പുനരുദ്ധരിക്കാൻ കഴിയാത്തനിലയിൽ മുടങ്ങിക്കിടക്കുകയാണ്. പ്രത്യേകം സമ്മേളനം വിളിച്ചുകൂട്ടി ആ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് മുടങ്ങിക്കിടന്ന ഒട്ടേറെ പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. അങ്ങനെ കമ്മീഷൻ ചെയ്തതിന്റെ ഫലമായിട്ടാണ് ഗ്രാമപ്രദേശങ്ങളിലും പട്ടണപ്രദേശങ്ങളിലും ജലവിതരണത്തിന് കൂടുതൽ ആളുകൾക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സ്ഥലം കിട്ടാത്ത പ്രശ്നങ്ങളുണ്ട്. ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റാണ് പണം തരുന്നത്. അതിന് ഭൂമി ഏറ്റെടുത്തുകൊടുക്കേണ്ടത് പഞ്ചായത്തുകളാണ്. പഞ്ചായത്തുകൾ ഭൂമി ഏറ്റെടുത്തുകൊടുക്കുമ്പോൾ പലപ്പോഴും കാലതാമസം വരാറുണ്ട്. ഭൂമി ഏറ്റെടുത്തുകൊടുക്കാൻ സാമ്പത്തികശേഷി ഇല്ലാത്ത പഞ്ചായത്തുകളുണ്ട്. അങ്ങനെയൊക്കെയുള്ള പഞ്ചയാത്തുകളെ സഹകരിപ്പിക്കാൻവേണ്ടി, ഭൂമി കിട്ടാൻ താമസിക്കുന്നതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ സമയാസമയങ്ങളിൽ ചെയ്തുതീർക്കാൻ കഴിയാത്തതുകൊണ്ട്, കാലതാമസം വരുന്നതുകൊണ്ട് വാട്ടർ അതോറിറ്റി ഇപ്പോൾ ഒരു റിവോൾവിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഭൂമി വാങ്ങാൻ കാശില്ലാത്ത പഞ്ചായത്തിന്, അവർ നിർദ്ദേശിച്ച വില സമ്മതിച്ചുകഴിഞ്ഞാൽ വാട്ടർ അതോറിറ്റി റിവോൾവിംഗ് ഫണ്ടിൽനിന്ന് പൈസ കൊടുക്കും. അതിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ഘട്ടംഘട്ടമായി വാട്ടർ അതോറിറ്റിക്ക് പണം തിരികെ നൽകത്തക്ക രീതിയിൽ, ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എൽ.ഐ.സി., ഹഡ്കോ എന്നിവയുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ, കേന്ദ്രസർക്കാരിന്റെ എ.ആർ.പി. പദ്ധതികൾ, ടെക്നോളജി മിഷൻ-സബ്മിഷൻ പദ്ധതികൾ, ത്വരിത നഗര ശുദ്ധജലവിതരണ പദ്ധതികൾ, സംസ്ഥാന പ്ലാനിൽ ഉൾപ്പെടുത്തിയ പുനരുദ്ധാരണ-വിപുലീകരണ പദ്ധതികൾ എന്നിവ കുടിവെള്ള പ്രശ്നപരിഹാരത്തിനുവേണ്ടി ദീർഘവീക്ഷണത്തോടുകൂടി വിഭാവനംചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പ്രധാനമന്ത്രിയുടെ ഗ്രാമോദയ യോജന പരിപാടി അനുസരിച്ച് 57 പുതിയ പദ്ധതികളും നിലവിൽ പണി നടന്നുവരുന്ന 163 പദ്ധതികളും പൂർത്തിയാകുമ്പോൾ സംസ്ഥാനത്തെ കുടിവെള്ളക്ഷാമം നല്ലൊരു അളവുവരെ പരിഹരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. എറണാകുളം ജില്ലയിലെ വൈപ്പിൻ പ്രദേശത്തെ കടമക്കുടി പഞ്ചായത്തിലും ചേരാനല്ലൂർ പഞ്ചായത്തിലും റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി പി.എം.ജി. വെൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തിയാക്കി കഴിയുന്നതുംവേഗം കമ്മിഷൻ ചെയ്യുക എന്ന ഉദ്ദേശത്തോടെ 2001 മാർച്ച് മാസത്തോടുകൂടി എല്ലാവർക്കും കുടിവെള്ളം എന്ന സ്കീമിൽ ഉൾപ്പെടുത്തി പദ്ധതികൾ പൂർത്തിയാക്കിവരുന്നു. പ്രസ്തുത ബൃഹത്ത് പദ്ധതി ജല അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഭൂജലവകുപ്പ് എന്നിവയുടെ സംയുക്ത സംരംഭമായിട്ടാണ് നടപ്പിലാക്കിവരുന്നത്. ഇതിനാവശ്യമായ ഭീമമായ തുക കണ്ടുപിടിക്കുന്നതിനുള്ള പ്രയാസം കാരണം ലക്ഷ്യം കൈവരിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ട്. ഈയിനത്തിൽ 128 പദ്ധതികൾ വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടതിൽ 66 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ 128 മേജർ പദ്ധതികൾക്ക് പുറമേ , ശുദ്ധജലം ലഭ്യമല്ലാത്ത എൻ.സി. ഹാബിറ്റേഷനുകളിലും ഭാഗികമായി കുടിവെള്ളലഭ്യതയുള്ള പി. സി. ഹാബിറ്റേഷനുകളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. രൂക്ഷമായ വരൾച്ച നേരിടേണ്ടിവരുകയാണെങ്കിൽ അത്തരം ഘട്ടം തരണംചെയ്യുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യവും ഗൗരവമായി പരിഗണിക്കുന്നതാണ്.

ശ്രീ. പി. പി. തങ്കച്ചൻ : സർ, കുടിവെള്ളക്ഷാമമുള്ള ഈ കാലഘട്ടത്തിൽ ട്രഷറി ബാൻ ശുദ്ധജലവിതരണപദ്ധതികളുടെ നടത്തിപ്പിന് തടസ്സമുണ്ടാക്കുന്നുണ്ട്. അടിയന്തിരമായി നടത്തുന്ന പരിപാടികൾ എന്നുള്ള നിലയിൽ കുടിവെള്ള പദ്ധതികൾക്കാവശ്യമായ പണം ട്രഷറി ബാനിൽ നിന്ന് ഒഴിവാക്കിക്കൂടെ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ട്രഷറി ബാൻമൂലം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പണികൾക്കൊന്നും തടസ്സമില്ല. പൂർണ്ണമായി വാട്ടർ അതോറിറ്റിക്ക് പൈസ കൊടുക്കാതിരുന്ന സാഹചര്യമില്ല. കൊടുത്തതിൽ ചെറിയ വ്യത്യാസം വന്നിട്ടുണ്ട്. നടന്നുകൊണ്ടിരിക്കുന്ന പണികൾക്ക് ട്രഷറി ബാൻ ബാധകമാകാത്ത നിലയിൽ നടത്തിക്കൊണ്ടുപോകുന്നുണ്ട്. പണി തുടരുന്നതിന് തടസ്സമായ നിലയിൽ എവിടെയെങ്കിലും ഫണ്ടിന്റെ കുറവ് ഉണ്ടെങ്കിൽ പ്രത്യേക പരിഗണന നൽകി ഫിനാൻസ് ഡിപ്പാർട്ട്മെന്റുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

(2) ഔഷധങ്ങളുടെ വിലവർദ്ധനവുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്ത് ജീവൻരക്ഷാ ഔഷധങ്ങളുൾപ്പെടെയുള്ള ഔഷധങ്ങളുടെ വില വർദ്ധനവുമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് ഞാൻ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. പണമില്ലെന്ന കാരണത്താൽ ഒരു പൗരനും അടിസ്ഥാന ചികിൽസാ സൗകര്യങ്ങൾ നിഷേധിക്കപ്പെടരുത് എന്നുള്ള പ്രഖ്യാപനംതന്നെ നാം നടത്തിയിട്ടുണ്ട്. ഇൻഡ്യയുടെ ആരോഗ്യ നയപ്രഖ്യാപനരേഖ എന്നു വിശേഷിപ്പിക്കപ്പെടാറുള്ള ബോർ കമ്മിറ്റി (Bhore Committee) റിപ്പോർട്ടിന്റെ ആദ്യവാക്യമാണ് ഞാൻ സൂചിപ്പിച്ചത്. ലോകാരോഗ്യ സംഘടനയുടെ അൽമാട്ട പ്രഖ്യാപനം നമുക്ക് ഓർമ്മയുണ്ട്. രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം എന്നതായിരുന്നു പ്രഖ്യാപനം. നമ്മുടെ രാജ്യത്തെ സാധാരണക്കാരായിട്ടുള്ള ജനങ്ങളെ സംബന്ധിച്ചിടത്തോളം ജീവൻരക്ഷാ മരുന്നടക്കമുള്ള ഔഷധങ്ങൾ വാങ്ങിക്കുക എന്നത് അവർക്ക് അപ്രാപ്യമാകുന്ന അവസ്ഥയിൽ എത്തിനിൽക്കുകയാണ്. കഴിഞ്ഞ ഫെബ്രുവരി മാസം 26-ാം തീയതിയിലെ മാതൃഭൂമി ദിനപത്രത്തിൽ 'ദയാവധത്തിന് രാഷ്ട്രപതിയുടെ ദയ തേടി' എന്നു പറഞ്ഞ് ഒരു വാർത്തയും ചിത്രവുമുണ്ടായിരുന്നു. എന്റെ നാട്ടുകാരനായ പേട്ടയിലുള്ള സജിത് എന്ന് പറയുന്ന ചെറുപ്പക്കാരനെ ബാധിച്ച അപൂർവ്വ രോഗത്തിന് മരുന്നു വാങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ ഇൻഡ്യൻ പ്രസിഡന്റിനോട് ദയാവധത്തിന് എനിക്ക് അവസരം നൽകണമെന്നു പറഞ്ഞ് ഒരു ദയാ ഹർജി കൊടുക്കുകയാണ് ചെയ്തത്. 50 രൂപ ഒരു ദിവസം വേണ്ടിയിരുന്ന മരുന്നിന് 100 രൂപയായും 100 രൂപയായിരുന്ന മരുന്നിന് 200 രൂപയായും മാറിയ പശ്ചാത്തലത്തിൽ, മരുന്ന് വാങ്ങാൻ കഴിയാതെ വന്ന സാഹചര്യത്തിൽ, കടം കൊണ്ട് പെരുകിയ സാഹചര്യത്തിൽ, കുടുംബത്തെയാകെ കടക്കെണിയിൽപ്പെടുത്തി, കുടുംബമാകെ തകർന്ന ഒരന്തരീക്ഷത്തിൽനിന്ന് രക്ഷതേടുന്നതിനു വേണ്ടി, തനിക്ക് ആത്മഹത്യ ചെയ്യാനുള്ള അനുമതി നൽകണമെന്നുള്ളതാണ് സജിത്തിന്റെ അഭ്യർത്ഥന. അത് സജിത്തിന്റെ മാത്രം പ്രശ്നമല്ല. നമ്മുടെ രാജ്യത്തെ ലക്ഷക്കണക്കായ സാധാരണ മനുഷ്യരെ സംബന്ധിച്ചിടത്തോളം അവർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. മരുന്നുകൾക്ക് അത്രയേറെ

LIBRARY ARCHIVES Kerala Legislative Assembly